**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - 2019- 20 അധ്യയനവർഷത്തെ മങ്കട ഉപജില്ലാ സ്കൂൾ കലാമേളയ്ക്ക് ഗ്രാമപഞ്ചായത്തുകളിൽ നിന്നും ധനസഹായം നൽകുന്നതിനുള്ള യഥേഷ്ടാനുമതി നൽകി--ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

---

**സ.ഉ.(സാധാ) നം.2744/2019/ത.സ്വ.ഭ.വ** **തിരുവനന്തപുരം,**
**തീയതി,03/12/2019**

---

പരാമർശം: - മങ്കട ഉപജില്ലാതല സ്കൂൾ കലാമേള 2019 -20 സംഘാടക സമിതി ചെയർപേഴ്സണിന്റെ 17/10/2019 ലെ കത്ത്.

**<u>ഉത്തരവ്</u>**

2019- 20 അധ്യയനവർഷത്തെ മങ്കട ഉപജില്ലാതല സ്കൂൾ കലാമേള നവംബർ നാല് മുതൽ ഏഴ് വരെ ഗവൺമെൻറ് ഹൈസ്കൂൾ ചേരിയം മങ്കടയിൽ വച്ച് നടത്തുകയാണെന്നും, ടി പരിപാടിയുടെ നടത്തിപ്പിനായി മങ്കട വിദ്യാഭ്യാസ ഉപജില്ലയുടെ പരിധിയിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകളായ മങ്കട, മക്കരപറമ്പ്, കുട്ടിലങ്ങാടി, അങ്ങാടിപ്പുറം, പുഴക്കാട്ടിരി, കുറുവ, മൂർക്കനാട് എന്നിവിടങ്ങളിൽ നിന്നും 25,000/- രൂപ വീതം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകണമെന്നും കലോത്സവ സംഘാടക സമിതി ചെയർപേഴ്സൺ സൂചന കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മങ്കട ഉപജില്ലാ കലോത്സവത്തിന് വേണ്ടി ഉപജില്ലയുടെ പരിധിയിൽ വരുന്ന ഗ്രാമ പഞ്ചായത്തുകളായ മങ്കട, മക്കരപ്പുറമ്പ്, കുട്ടിലങ്ങാടി, അങ്ങാടിപ്പുറം, പുഴക്കാട്ടിരി, കുറുവ, മൂർക്കനാട് എന്നീ പഞ്ചായത്തുകളിൽ നിന്നും 25,000/- രൂപ വീതം( ഇരുപത്തയ്യായിരം രൂപ) അതാത് സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽനിന്നും, കമ്മിറ്റി തീരുമാനത്തിന് വിധേയമായി, നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം .

ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം മുഖേന)

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ